കേരള സാമൂഹ്യ സുരക്ഷാ മിഷൻ

നമ്പർ :-കെ.എസ്.എസ്.എം/69/2021-പി9(പാർട്ട്-1) തിരുവനന്തപുരം

തീയതി : 29-05-2026

താല്പര്യ പത്രം ക്ഷണിക്കുന്നു

കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കി വരുന്ന "വീ കെയർ" (Payment Gateway) പദ്ധതിയുടെ 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തുന്നതിനായി യോഗ്യരായ ചാർട്ടേഡ് അക്കൗണ്ടൻറ് സ്ഥാപനങ്ങളിൽ/ഏജൻസികളിൽ നിന്നും താത്പര്യ പത്രങ്ങൾ (Expression of Interest – EOI) ക്ഷണിക്കുന്നു.

സർക്കാരിന്റെ മറ്റ് പദ്ധതികളിൽ ഉൾപ്പെടാത്തതുമായ, സമൂഹത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അശരണരും നിരാലംബരുമായ രോഗികൾക്ക് ചികിത്സാ സഹായവും അനുബന്ധ സഹായങ്ങളും ലഭ്യമാക്കുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതിയാണ് "വീ കെയർ". പദ്ധതിയുടെ വാർഷിക ഓഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതിനാൽ, മേൽപറഞ്ഞ സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് നിർവ്വഹിക്കുന്നതിന് താഴെപ്പറയുന്ന യോഗ്യതകളുള്ള സ്ഥാപനങ്ങളിൽ/ഏജൻസികളിൽ നിന്നും താത്പര്യ പത്രങ്ങൾ ക്ഷണിക്കുന്നു.

യോഗ്യതാ മാനദണ്ഡങ്ങൾ

1. സർക്കാർ ഏജൻസികളിൽ ഓഡിറ്റ് നടത്തിയിട്ടുള്ള കുറഞ്ഞത് 5 (അഞ്ച്) വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം.
2. ബന്ധപ്പെട്ട മേഖലയിലെ കുറഞ്ഞത് 10 (പത്ത്) വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം.

താത്പര്യപത്രങ്ങൾ സ്വീകരിക്കുന്നതിലും നിരസിക്കുന്നതിലും അന്തിമ അധികാരം കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്കായിരിക്കും.

യോഗ്യതയുള്ള ചാർട്ടേഡ് അക്കൗണ്ടന്റുമാരിൽ നിന്നും/സ്ഥാപനങ്ങളിൽ നിന്നും താത്പര്യപത്രങ്ങൾ താഴെ പറയുന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.

വിലാസം:
എക്സിക്യൂട്ടീവ് ഡയറക്ടർ
കേരള സാമൂഹ്യ സുരക്ഷാ മിഷൻ
പൂജപ്പുര, തിരുവനന്തപുരം – 695012

തീയതികൾ

- താത്പര്യപത്രം ലഭിക്കേണ്ട അവസാന തീയതിയും സമയവും: **15/06/2026** ഉച്ചയ്ക്ക് **2.00** മണി വരെ

- ടെണ്ടർ തുറക്കുന്ന തീയതിയും സമയവും: **15/06/2026** വൈകുന്നേരം **4.00** മണി

കൂടുതൽ വിവരങ്ങൾക്ക്: **9072380175** നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

Dr ARUN S NAIR IAS
DIRECTOR

Digitally signed by
ARUN S NAIR
Date: 29-05-2026
13:08:21